## 1094

ഉണരുവിൻ! ഉണരുവിൻ! ഊതുവിൻ കാഹളം!
പോകുവിൻ സുവിശേഷക്കൊടികളേന്തി നാം

1 മൃത്യുവിന്നടിമയായ് ആയിരങ്ങളനുദിനം
നാശത്തിന്റെ പാതയിൽ    പതിച്ചിടുന്നിതാ
അന്ധകാരം ഭൂമിയെയും കൂരിരുട്ടു ജാതിയെയും
മൂടിടുവാൻ കാലമേറെയില്ലല്ലോ-ഇല്ലല്ലോ-

2 ലോകമോഹം വെടിഞ്ഞു നാം ലോകേയോട്ടം തികച്ചിടാം
പോർക്കളത്തിൽ പോരിന്നായ് അണിനിരന്നിടാം
കൂടെയുണ്ടു നായകൻ യൂദയിലെ സിംഹമായ്
ഭയപ്പെടാതെ ധീരമായ് മുന്നേറിടാം-മുന്നേറിടാം-

3 കഷ്ടതകളേറ്റവർ നിന്ദിതരായ് തീർന്നവർ
കർത്തനേശുരാജന്നായ് ത്യാഗമേറ്റവർ
വാങ്ങിടും പ്രതിഫലം രാജൻസേവ ചെയ്തതാൽ
തേജസ്സിൽ സമ്പൂർണ്ണരായി വാഴുമേ-വാഴുമേ-        **T.V.S.**